## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 252 — 26.09.2011-ൽ മറുപടിക്ക്.

## കേരളത്തിൽ റൺവെ സുരക്ഷക്ക് സ്വീകരിച്ച നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിമാനത്താവളങ്ങളിലെ റൺവേ സുരക്ഷക്ക് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | 1. **തിരുവനന്തപുരം വിമാനത്താവളം**<br>ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (DGCA) CAR (Civil Aviation Requirements) പ്രകാരമുള്ള കാര്യങ്ങൾ നടപ്പിലാക്കി വരുന്നു.<br>2. **കൊച്ചി വിമാനത്താവളം**<br>DGCA യുടെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് റൺവേ പരിശോധന പതിവായി നടത്തുന്നു. റൺവേ നല്ല സ്ഥിതിയിലാണ്. റൺവേ റീസർഫസിംഗ് ചെയ്തിട്ടുണ്ട്. Runway Friction Measure Reading പതിവായി ചെയ്യുകയും Friction value, International Civil Aviation Organisation (ICAO) നിഷ്കർഷിച്ചിരിക്കുന്ന പരിമിതിക്കുള്ളിലാണ് എന്ന് ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. വിമാനമിറങ്ങുന്ന സ്ഥലത്ത് പതിവായി rubber removal ചെയ്യുന്നുണ്ട്. നിശ്ചിത നിലവാരത്തിനുള്ളിൽ റൺവേയുടെ side strips നിലനിറുത്തുന്നുണ്ട്. ICAO യുടെ മാർഗ്ഗനിർദ്ദേശ പ്രകാരം റൺവേ ലൈറ്റുകളും റൺവേ Marking ഉം നിലനിറുത്തുന്നു. റൺവേയുടെ വിമാനമിറങ്ങുന്ന വശത്ത് Instrument Landing System (ILS) ഏർപ്പെടുത്തുവാൻ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയോടാവശ്യപ്പെട്ടിട്ടുണ്ട്. റൺവേ Centerline Light പ്രവർത്തിപ്പിക്കുന്നതാണ്. Approach Surveillance Radar |

| | | | |
|---|---|---|---|
| | | | സ്ഥാപിക്കുവാൻ AAI ഓടാവശ്യപ്പെട്ടിട്ടുണ്ട്. MET സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി AAI യോടും India Meteorological Department നോടും ബന്ധപ്പെട്ടിട്ടുണ്ട്.<br>3. **<u>കോഴിക്കോട് വിമാനത്താവളം</u>**<br>കോഴിക്കോട് വിമാനത്താവളത്തിന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ (DGCA) CAR (Civil Aviation Requirements) പ്രകാരം ലൈസൻസുണ്ട്. |
| (ബി) | കോഴിക്കോട് വിമാനത്താവളത്തിൽ വിമാനമിറങ്ങുന്നത് സംബന്ധിച്ച സുരക്ഷകൾ പ്രത്യേകം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) | ഉണ്ട്. Lead in lights സ്ഥാപിച്ചിട്ടുണ്ട്. |
| (സി) | ഇവിടെ റൺവേയുടെ രണ്ടറ്റത്തും വേണ്ടത്ര സുരക്ഷാ മേഖല വേർതിരിച്ചിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | ഇൻസ്ട്രമെന്റൽ ലാൻഡിംഗ് സംവിധാനത്തിന്റെ ആന്റിനകൾ കോൺക്രീറ്റിൽ ഉറപ്പിച്ചത് ഭീഷണി ഉയർത്തുന്നുണ്ടോ; | (ഡി) | കോൺക്രീറ്റ് ഘടന ഭൂനിരപ്പിന് താഴെയാണ്. |
| (ഇ) | സിവിൽ ഏവിയേഷൻ സേഫ്റ്റി അഡ്വൈസറി കമ്മിറ്റി കരിപ്പൂർ വിമാനത്താവളവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ ഇവ നടപ്പിലാക്കുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങൾ സമർപ്പിക്കുമെന്ന് വ്യക്തമാക്കുമോ? | (ഇ) | ഉണ്ട്. വിശദവിവരം അനുബന്ധമായി നല്കിയിട്ടുണ്ട്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ.